1

# ദൈവത്തിന്റെ സർവ്വ വ്യാപകത്വം: നമ്മുടെ ദൈവം പരമാർത്ഥത്തിൽ "അവിടെ" അല്ല

ദൈവം "ഒരേ സമയത്തു എല്ലായിടത്തും" ഉള്ളവൻ എന്നാണ് പറഞ്ഞിട്ടുള്ളത്. അതിനർത്ഥം അവന്റെ സാന്നിദ്ധ്യം, എല്ലാ സ്ഥലങ്ങളിലും, ഒരേ സമയത്ത് ഉണ്ടാകും ഉണ്ട് എന്നാണ്. ഇതു തിരുവെഴുത്തുകളുടെ സാക്ഷ്യം കൂടെ ആണ് (യിരെമ്യാവു 23:23, 24). ഇതെങ്ങനെ സാദ്ധ്യമാകും? എന്താണ് ഉൾപ്പെടുന്നത്? ദൈവം എല്ലായിടത്തും ഉണ്ടെന്നു നാം പറയുമ്പോൾ, നാം ലോകത്തിൽ എവിടെ സഞ്ചരിച്ചാലും ദൈവത്തെ സംബന്ധിച്ചു "ഒഴിവുള്ള" സ്ഥലം ഉണ്ടെന്ന സ്ഥലം കാണുകയില്ല എന്നർത്ഥം.

**അതിന്റെ വസ്തുത**

പ്രപഞ്ചം വ്യാപകമാണ്. നമ്മുടെ മനസ്സുകളെ വിസ്തൃതമായി അതിന്റെ പരിധി കണ്ടെത്താൻ നമുക്കു സാധ്യമല്ല. നമ്മുടെ ചെറിയ സൗരയൂഥം പോലും മതിയായ ദൂരത്തിൽ തന്നെ എന്നു തോന്നുന്നു. നാമും – മറ്റു അരക്കോടി ആളുകളും തമ്മിൽ ഓർക്കുക – നീൽ ആംസ്ട്രോങ്ങും "ബസ്" ആൾഡ്രിനും ചന്ദ്രനിൽ ആവേശത്തോടെ ഇറങ്ങിയതുപോലെയാണോ നാം ഭൂമിയിൽ നിന്നു നോക്കുന്നത്? ഇപ്പോൾ മനുഷ്യന്റെ കാൽപാടുകൾ ചന്ദ്രനിൽ ഉണ്ട്. ചന്ദ്രൻ ഭൂമിയിൽ നിന്നും ഏതാണ്ടു 250,000 മൈൽ ദൂരെയാണ്, ബഹിരാകാശ രീതിയിൽ പറഞ്ഞാൽ, അത് ഇപ്പോഴും നമ്മുടെ പുറകിലെ പൂമുഖത്താണ് എന്നു പറയാം.

ഇപ്പോൾ, പുറകിലെ പൂമുഖത്ത് നിന്നു മുറ്റത്തേക്കിറങ്ങി ചുറ്റും നോക്കുക. മുകളിൽ സൂര്യനെ കാണാം. അതു ഏതാണ്ട് 93 ദശലക്ഷം മൈലുകൾ ദൂരെയാണ്. വേറെ എട്ടു ഗൃഹങ്ങൾ അതിനെ ചുറ്റികൊണ്ടിരിക്കുന്നു. അടുത്തുള്ള, മെർക്കുറിയിലേക്കു, സൂര്യനിൽ നിന്നു ഏതാണ്ട് 36 ദശലക്ഷം മൈലുകൾ മാത്രമേയുള്ളു; പ്ലൂട്ടോ, ഏറ്റവും ദൂരെയുള്ളതു, ഏതാണ്ട് 3.7 കോടി മൈലുകൾ അകലെയാണ്. സൂര്യനെ ഒരു പ്രാവശ്യം വലയം ചെയ്യുവാൻ പ്ലൂട്ടോക്ക് ഏതാണ്ട് 247 ഭൗമിക വർഷങ്ങൾ വേണം. ഇത് എഴുതിക്കൊണ്ടിരിക്കുമ്പോൾ, ബഹിരാകാശ യാത്രികർ പ്ലൂട്ടോക്ക് അപ്പുറത്ത് വേറൊരു ഗൃഹം ഉള്ളതായി സ്ഥിരീകരിച്ചു. നമ്മുടെ പുറകിലെ മുറ്റം ധാരാളമുണ്ട്.

നമുക്കു വേലിക്കരികിലേക്കു പോയി മുകളിലേക്കു നോക്കാം. വ്യക്തമായി രാത്രിയിൽ, നമുക്കു ക്ഷീരപഥവും, സൂര്യനും നമ്മുടെ എല്ലാ ഗ്രഹങ്ങളും ഉൾപ്പെടുന്ന ആകാശഗംഗയും കാണാം. ജ്യോതിശാസ്ത്രത്തെ ഗവേഷണം നടത്തിയ മിൽട്ടൺ ഹൂമസോണും എഡ്വിൻ ഹബിലും നമ്മുടെ ആകാശഗംഗ 100,000 പ്രകാശവർഷം അകലെയാണെന്നു സ്ഥിരീകരിച്ചു. കൂടാതെ പല "അടുത്തുള്ള" ആകാശ ഗംഗകളെയും 1 മുതൽ 7 ദശലക്ഷം പ്രകാശവർഷം[1] അകലെയുള്ളതായി ഹബ്ബിൾ കണ്ടെത്തി. പുറമെ ഈ ആകാശഗംഗകൾ പ്രപഞ്ചത്തിൽ വ്യാപിച്ചു നിറഞ്ഞിരിക്കുകയാണ്.[2]

ഒരു പക്ഷെ നാം മതിയായ ദൂരംപോയി. പ്രപഞ്ചസംബന്ധിയായ ചിത്രത്തിൽ യാഥാർത്ഥ്യം മനസ്സിനെ - അമ്പരിപ്പിക്കുന്നതാണ്. അതു വിശിഷ്ടവും വികസ്വരവുമാണ്. എങ്ങനെ അളക്കും എന്നു നോക്കിയാൽ പ്രപഞ്ചത്തിന്റെ വലുപ്പം സൂചിപ്പിക്കുന്നു. മൈലുകളിൽ അതിന്റെ ദൂരം അളക്കുന്ന നമ്മുടെ അഭ്യാസം മതിയാവുകയില്ല പ്രകാശവർഷം ഉൾവിസ്താരം അളക്കുന്നത് നിലവാരമായിതീരുന്നു.

ഇവയെല്ലാം ദൈവസ്വഭാവം പഠിക്കുന്ന നമുക്കു വലിയ പ്രാധാന്യം ഉളവാക്കുന്നു. "പ്രകാശവർഷം" എന്ന വാക്ക് *സമയം* എന്നതിന്റെ പ്രയോഗമാണ്. അതുകൊണ്ടു, ദൈവത്തെ ഗ്രഹിക്കുന്നതിനു സമയത്തെക്കുറിച്ചുള്ള ചിന്ത നിർണ്ണായകമത്രെ. അതിന്റെ സ്വഭാവം അനുസരിച്ചു, സമയത്തിനു ആരംഭവും അവസാനവുമുണ്ട്. അതില്ലെങ്കിൽ, അതു സമയമേ ആകുകയില്ല; അതു നിത്യതയാവും "സർവ്വവ്യാപ്തി" യും അതിന്റെ പര്യായമായ "സർവ്വവ്യാപിയായ ദൈവത്തിന്റെ" "എല്ലായ്പ്പോഴും എല്ലാ സ്ഥലത്തും" ഉള്ള സാന്നിധ്യത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു. സാരാംശത്തിൽ "ദൈവം ആത്മാവുമാണ്" അതുകൊണ്ട് അവനു അതു സാധ്യമാണ് (യോഹന്നാൻ 4:24). അതുകൊണ്ടു, ദൈവം, സാരാംശത്തിൽ (അടിസ്ഥാന അസ്തിത്വം) എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തും ഉണ്ട്. താൻ അല്ലാതിരിക്കുന്ന "തീരുമാനം" സ്ഥലത്തേക്കു അവനുപോകേണ്ടതില്ല - കാരണം അവൻ അവിടെത്തന്നെയുണ്ട്! ഇതു ബൈബിളിലെ രണ്ടു നിയമങ്ങളിലും പറയുന്നുണ്ട് (സങ്കീർത്തനങ്ങൾ 2:4; 3:4; പ്രവൃത്തികൾ 7:49; 17:28).

## അതിന്റെ ഉൾപ്പെടുത്തലുകൾ

ദൈവത്തിന്റെ സർവ്വവ്യാപിത്വം എന്ന ആശയത്തിൽ ഭയങ്കര സൂചനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. "സർവ്വ" എന്നതു അർത്ഥമാക്കുന്നതു സാർവ്വലൗകീകം, നിബന്ധനകൾ കൂടാതെ എന്നാണ്; "സർവ്വ വ്യാപി" എന്നതു "എല്ലാ പ്രദേശങ്ങളിലും എല്ലാ സമയങ്ങളിലും" സന്നിഹിതനാകുന്നവൻ ദൈവം സർവ്വവ്യാപി ആക കൊണ്ട് - അവൻ എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തും ഉണ്ട് - എന്നർത്ഥമാകുമ്പോൾ, സമയത്തിനോ സ്ഥലത്തിനോ അവന്റെ സാന്നിദ്ധ്യത്തിൽ നിന്നു ഒഴിഞ്ഞുമാറാനാവുകയില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സമയത്തിനോ, സ്ഥലത്തിനോ ദൈവത്തെ നിയന്ത്രിക്കാവുന്നതല്ല (2 പത്രൊസ് 3:8; സങ്കീർത്തനങ്ങൾ 139:7-10). നാം ചരിത്രം എന്നു വിളിക്കുന്നതാണ് ഒരു പക്ഷെ സമയത്തിന്റെ ഏറ്റവും വലിയ ഉദാഹരണം. ചരിത്രത്തിൽ "സമയം ചലിച്ചുകൊണ്ടേയിരിക്കുന്നു." സംഭവങ്ങൾ "ഒന്നിനു പുറമെ മറ്റൊന്ന്" എന്നു നാം പലപ്പോഴും പറയാറുണ്ട്. സംഭവ പരമ്പരകൾ നമ്മെ സംബന്ധിച്ചു വളരെ അർത്ഥവത്താണ്, കാരണം ഭൂമിയിൽ നാം സമയ - ബന്ധിത സൃഷ്ടികളാണ്.

സ്ഥലവും നമുക്കു പ്രാധാന്യമുള്ളതാണ്, കാരണം നാം അതിരറ്റവരല്ല അതിരുകളുള്ളവരാണ്. നാം ഇവിടെ ആയിരിക്കുമ്പോൾ, നമ്മെ സമയവും സ്ഥലവും ബാധിക്കും. ഭൂമിശാസ്ത്ര താളുകളിൽ നാം ഓരോരുത്തരും ഓരോ പുള്ളിയാണ്. നാം എല്ലായ്പ്പോഴും "ഇവിടെ" ആണ് - ഒരിക്കലും "അവിടെ" അല്ല. ഏതെങ്കിലും പ്രത്യേക അവസരത്തിൽ, നാം ഒരു പ്രത്യേക സ്ഥലത്തായിരിക്കും. ആ നിമിഷം, ആ സ്ഥലമാണ് നമ്മുടെ "ഇവിടെ" എങ്ങനെയായാലും, ഏതെങ്കിലും ഒരു സമയത്തു പ്രത്യേകസ്ഥലത്തു നാം ആയിരുന്നതാണ്.

നമ്മുടെ പരിമിതികൾക്കെതിരായ ദൈവത്തിന്റെ സർവ്വവ്യാപിത്വത്തെ വിവരിക്കുവാനുള്ള ശ്രമമാണ് ഈ ചർച്ച. സമയത്തിനോ സ്ഥലത്തിനോ ദൈവത്തെ വിലക്കുവാൻ സാധ്യമല്ല; കാരണം ദൈവം നിത്യനാണ് (യെശയ്യാവു 57:15). അവന്റെ സർവ്വവ്യാപിത്വം സമയത്തെയും സ്ഥലത്തെയും വലയം ചെയ്തിരിക്കുന്നു. എങ്ങനെയായാലും, അവർ തന്റെ നിത്യ സ്വഭാവത്തിൽ സമയത്തിനും സ്ഥലത്തിനും അതീതനാണ്. അവനെ വലിയ *ഞാൻ ആകുന്നവൻ* ഞാൻ എന്നു അവനെ വെളിപ്പെടുത്തിയതിന്റെ പ്രാധാന്യം അതാണ്. *യാഹ്വേ* എന്ന വാക്ക് വാസ്തവത്തിൽ "ടു ബി" - നിലനില്ക്കുക എന്നതിന്റെ ക്രിയാരൂപഭേദമാണ്.

ദൈവം നിത്യനായതുകൊണ്ട്, അവനു "ഭൂതമോ" "ഭാവിയോ" ഇല്ല അവ അവനു സമയത്തിന്റെ വസ്ത്രം ധരിക്കുന്ന ആശയമാണ്. സമയവും നിത്യതയും ഒന്നല്ല. നിത്യത എന്നതു "ദീർഘസമയമല്ല" *നിത്യത* എന്നേക്കും ഉള്ളതാണ്. അതിനു ആരംഭവും അവസാനവുമില്ല. ദൈവം "ആൽഫയും ഒമേഗയും" ആണ് (വെളിപ്പാട് 1:8). അതായതു, അവൻ നമ്മെ താല്ക്കാലിക യാഥാർത്ഥ്യബോധം നല്കി ചരിത്രത്തിലേക്കും സമയത്തിലേക്കും നമ്മെ കൊണ്ടുവരുന്നു. അവസാനം അവൻ സമയത്തെയും ചരിത്രത്തെയും നീക്കി നിത്യതയുടെ സത്യവും പൂർണ്ണവുമായ ബോധ്യം വരുത്തുന്നു. സമയവും

ചരിത്രവും കൊണ്ടുവന്നവൻ തന്നെയാണ് സമയത്തിനും ചരിത്രത്തിനും അതീതൻ എന്നു നാം ഊന്നി പറയണം.

**ചുരുക്കം**

ദൈവത്തിന്റെ സാരാംശം ആത്മാവാകുന്നു. ദൈവം സമയത്തിൽ മാത്രമല്ല എപ്പോഴും സന്നിഹിതൻ ആയിരിക്കുന്നത് (താല്ക്കാലികമായി), പക്ഷെ അവൻ പ്രപഞ്ചത്തിൽ എപ്പോഴും - സന്നിഹിതനും ആണ് (സ്ഥലസംബന്ധിയായി) അവൻ എന്നേക്കും ഉള്ളവൻ എന്നു ബൈബിൾ ഉറപ്പിച്ചു പറയുന്നു; അതായതു, അവൻ ഏത് അതിരുകൾക്കപ്പുറത്തുമുണ്ട്, സ്ഥല (സൃഷ്ടി) കാലം ഉൾപ്പെടെ (ചരിത്രം).

നമ്മുടെ സ്ഥലകാല പരിമിതികളിൽ, നാം പലപ്പോഴും ദൈവം "ഇവിടെ" അല്ലെങ്കിൽ "അവിടെ" എന്നു പറയും. നാം കണ്ടതുപോലെ തന്നെ, ബൈബിൾ എഴുത്തുകാരും. സമയ - സ്ഥല - സംബന്ധമായ സൃഷ്ടികൾ ഈ വിധത്തിൽ ദൈവത്തെ സംസാരിക്കേണ്ടതു ആവശ്യമാണ്. എങ്ങനെയായാലും, നാം അവനെ എന്നേക്കും ഉള്ളവൻ ആയും പറയുന്നു. നാം അങ്ങനെ പറയുവാൻ കാരണം, സാരാംശത്തിൽ ദൈവം, *സമയത്തിലും* കാലത്തിലും ഉള്ളവനും, സമയത്തിനും സ്ഥലത്തിനും അതീതനും അത്രെ. അവന്റെ കാഴ്ച്ചപ്പാടിൽ, അവൻ എല്ലായ്പ്പോഴും ഇപ്പോൾ "ഇവിടെ" ഉണ്ട്. നമ്മുടെ അന്വേഷണത്തിനു "അവൻ 'അവിടെ ഉണ്ടോ'?" അവന്റെ ഉത്തരം "അതെ, ഞാൻ 'ഇവിടെ' ഉണ്ട്" ഇതു നാം പ്രപഞ്ചത്തിനു മുകളിലെ ശൂന്യാകാശത്തെകുറിച്ചു (ഉണ്ടെങ്കിൽ), അതിൽ പ്രപഞ്ചം തന്നെയും, നമ്മുടെ ലോകവും, നമ്മുടെ സ്വന്ത ജീവിതവും ഉൾപ്പെടുന്നു. അങ്ങനെയുള്ള ദൈവത്തിലാണ് "നാം ഇരിക്കയും ചരിക്കയും ജീവിക്കയും ചെയ്യുന്നത്" (പ്രവൃത്തികൾ 17:28). നമ്മുടെ ദൈവം വളരെ ചെറുതാണോ? അല്ല, എന്നാൽ നമുക്ക് അങ്ങനെ മുഴുവനായി, ചുരുങ്ങിയതു ഇപ്പോൾ കാണാൻ കഴിയുന്നില്ല.

സങ്കീർത്തനക്കാരൻ നമ്മുടെ പരിമിതികളെയും ദൈവത്തിന്റെ പരിമിതികളില്ലായ്മയെയും തിരിച്ചറിഞ്ഞു. അവൻ ഈ ആശയം സങ്കീർത്തനങ്ങൾ 139:7-12-ൽ പ്രകടമാക്കി:

> നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ, നീ അവിടെ ഉണ്ട്, പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ, നീ അവിടെ ഉണ്ട്. ഞാൻ ഉഷസിൽ ചിറകു ധരിച്ചു,
> സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ, അവിടെയും നിന്റെ കൈ എന്നെ നടത്തും. നിന്റെ വലങ്കൈ എന്നെ പിടിക്കും. "ഇരുട്ടു എന്നെ മൂടിക്കളയട്ടെ, വെളിച്ചം എന്റെ ചുറ്റും രാത്രിയായിതീരട്ടെ," എന്നു ഞാൻ പറഞ്ഞാൽ, ഇരുട്ടുപോലും നിനക്കു മറവായിരിക്കയില്ല. രാത്രി പകൽ പോലെ പ്രകാശിച്ചു.
> ഇരുട്ടും വെളിച്ചവും നിനക്കു ഒരുപോലെ തന്നെ.

കുറിപ്പുകൾ

[1]എ ലൈറ്റ് ഇയർ ഈസ് ദ ഡിസ്റ്റൻസ് ലൈറ്റ് ട്രാവൽസ് ഇൻ എ ഇയർ, ഗോയിങ്ങ് അറ്റ് ദ സ്പീഡ് ഓഫ് 186,000 മൈൽസ് പെർ സെക്കന്റ്. ദിസ് കംസ് ടു 5.9 ട്രില്യൻ മൈൽസ്. [2]റോബർട്ട് ജാസ്ട്രോ, *ഗോഡ് ആന്റ് ദ ആസ്ട്രോണമസ്* (ന്യുയോർക്ക്: ഡബ്ളിയു.ഡബ്ളിയു. നോർട്ടൻ, 1978), 41 എഫ്എഫ്.

© 2009 Truth for Today